പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2823

12.10.2011-ൽ മറുപടിയ്ക്ക്

# ഗ്രാമീണ റോഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, കെ. അച്ചുതൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, അൻവർ സാദത്ത് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ വശങ്ങളിലുള്ള ടെലിഫോൺ, വൈദ്യുതി കമ്പികൾ, ജലവിതരണ പൈപ്പുകൾ ഇവ മാറ്റുന്നതിനുള്ള ചെലവ് നിലവിൽ ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണത്തിന് ഏറ്റെടുക്കുന്ന റോഡുകളിലെ യൂട്ടിലിറ്റീസ് (പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ്) മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലവും, തടസ്സങ്ങളില്ലാത്ത പദ്ധതി പ്രദേശവും സജ്ജമാക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനായതിനാൽ ഇതിനാവശ്യമായ തുക കേന്ദ്രസർക്കാർ വകകൊള്ളിച്ചിട്ടില്ല. |
| ബി. ഇവ മാറ്റുവാൻ ഏറെ സമയമെടുക്കുന്നതു മൂലം റോഡു നിർമ്മാണ പൂർത്തീകരണം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി. ഉണ്ട്. |
| സി. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രം കണക്കിലെടുത്ത് ഇത്തരം ചെലവുകൾ കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി. ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകളിലുള്ള പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ്(യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ച് പദ്ധതി മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് കേന്ദ്ര ഗ്രാമീണ വികസന മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഡി. ഇതിനോട് കേന്ദ്രത്തിന്റെ നിലപാട് എന്താണ് ? | ഡി. കേന്ദ്ര സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തിയതായി അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.